"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ഭരണപരം - കൊല്ലം ഡിവിഷനിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ച ശ്രീ. അഭിജിത്ത്. ജെ. എസ്-ന് പ്രവേശനകാലം നീട്ടി നൽകി അടിസ്ഥാന പരിശീലനത്തിന് പ്രവേശിപ്പിക്കുവാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.379/2026/TAXES തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-
1. കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 18.11.2025-ലെ EDOKLM/56/2025-Q3 നമ്പർ ഉത്തരവ്
2. എക്സൈസ് അക്കാഡമി ഡയറക്ടറുടെ 17.02.2026-ലെ SEARC/39/2026-SEA3 നമ്പർ ഉത്തരവ്
3. ശ്രീ. അഭിജിത്ത്. ജെ. എസ് സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത അപേക്ഷ
4. എക്സൈസ് കമ്മീഷണറുടെ 30.03.2026-ലെ EXC/1975/2026-XE8 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവ് പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമനം ലഭിച്ചിട്ടുള്ളതും, എക്സൈസ് അക്കാദമി ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം ട്രെയിനിംഗിന് ഹാജരാകാൻ നിർദേശം ലഭിച്ചിട്ടുള്ളതുമായ ശ്രീ. അഭിജിത്ത്. ജെ. എസ് ട്രെയിനിംഗിന് ഹാജരാകുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതായും മെഡിക്കൽ സംബന്ധമായ ചില ആവശ്യങ്ങൾ ഉള്ളതിനാൽ, ടിയാന് കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 24/03/2026 ലെ EDOKLM/199/2026 - Q3 നമ്പർ ഉത്തരവ് പ്രകാരം, ട്രെയിനിംഗിന് ഹാജരാകുന്നതിന് 45 ദിവസത്തേയ്ക്ക്

സമയം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചുകൊണ്ട്, ടിയാന് **06/01/2026** -ന് നടത്തിയ സർജറിയുടെ ഭാഗമായി ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ കഠിനമായ പരിശീലനങ്ങളിൽ ഏർപ്പെടാൻ സാധിയ്ക്കില്ലെന്നും, **3** ആഴ്ചത്തേയ്ക്ക് കൂടി ഡോക്ടർ വിശ്രമം നിർദേശിച്ചിട്ടുണ്ടെന്നും ആയതിനാൽ ട്രെയിനിംഗിന് ഹാജരാകുന്നതിന് സാവകാശം അനുവദിച്ച് അടുത്തതായി ആരംഭിയ്ക്കുന്ന ബാച്ചിൽ പ്രവേശിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും ശിപാർശയോടെ തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം **(4)** പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

**2)** സർക്കാർ ഈ വിഷയം പരിശോധിച്ചു. കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പരാമർശം **(1)** ഉത്തരവ് പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമനം ലഭിച്ചിട്ടുള്ളതും, എക്സൈസ് അക്കാദമി ഡയറക്ടറുടെ പരാമർശം **(2)** ഉത്തരവ് പ്രകാരം ട്രെയിനിംഗിന് ഹാജരാകാൻ നിർദേശം ലഭിച്ചിട്ടുള്ളതുമായ ശ്രീ. അഭിജിത്ത്. ജെ. എസ്-ന് **06/01/2026** -ന് നടത്തിയ സർജറിയുടെ ഭാഗമായി ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ കഠിനമായ പരിശീലനങ്ങളിൽ ഏർപ്പെടാൻ സാധിയ്ക്കില്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ട്രെയിനിംഗിന് ഹാജരാകുന്നതിന് സാവകാശം അനുവദിച്ചും അടുത്തതായി ആരംഭിയ്ക്കുന്ന പരിശീലന ബാച്ചിൽ ഹാജരാകുന്നതിന് പ്രവേശനകാലം ദീർഘിപ്പിച്ചു നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
3. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/54/2026-നികുതി)

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 22-04-2026 16:29:59